LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഐ.ഡി.സി.യിലെ നിയമനങ്ങളിൽ സംവരണം

187 (5077) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. നിലവിൽ വന്നശേഷം എക്സി. ഡയറക്ടർ, ജനറൽ മാനേജർ തുടങ്ങിയ തസ്തികയിൽ ഇതിനകം എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ബി) അവരുടെ യോഗ്യതകൾ എന്തൊക്കെ ആയിരുന്നു ;

(സി) അവരെ തെരഞ്ഞെടുത്ത രീതി എങ്ങനെയായിരുന്നു ;

(ഡി) ഈ തസ്തികകളിൽ നാളിതുവരെ ദളിത് പിന്നോക്ക വിഭാഗക്കാരായിട്ടുള്ള എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ഇ) ആരെയും നിയമിച്ചിട്ടില്ലെങ്കിൽ ഒഴിവുള്ള തസ്തികകൾ ഈ വിഭാഗങ്ങൾക്ക് നീക്കിവെയ്ക്കുന്ന കാര്യം പരിഗണിക്കുമോ ;

(എഫ്) ഈ തസ്തികകളിലെ നിയമനങ്ങൾക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ എന്തെല്ലാമാണ് യോഗ്യതയായി ആവശ്യപ്പെട്ടിട്ടുള്ളത് ;

(എച്ച്) നിർദ്ദിഷ്ട യോഗ്യതയുള്ള ദളിത്, പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്ര പേർ ഇപ്പോൾ കെ.എസ്.ഐ.ഡി.സി.-യിൽ ജോലി ചെയ്യുന്നുണ്ട് ;

(ഐ) അവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ജെ) ഇത്തരം നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(കെ) ഇല്ലെങ്കിൽ ഭാവിയിൽ കർശനമായി പാലിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും ;

(എൽ) പൊതുമേഖലാ സ്ഥാപനങ്ങളിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുന്നകാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ & ബി) കെ. എസ്.ഐ.ഡി.സി.-യിൽ ഇപ്പോൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ രണ്ടു തസ്തികകളും, ജനറൽ മാനേജറുടെ രണ്ടു തസ്തികകളുമാണുള്ളത്. സ്ഥാപനം നിലവിൽ വന്നതുമുതൽ നാളിതുവരെ ആറ് എക്സിക്യൂട്ടീവ് ഡയറക്ടർമാരേയും പന്ത്രണ്ട് ജനറൽ മാനേജർമാരേയും നിയമിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗിൽ ബിരുദ, ബിരുദാനന്തര ബിരുദങ്ങൾ, എഞ്ചിനീയറിംഗിനൊപ്പം ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം, ചാർട്ടേഡ് അക്കൗണ്ടന്റ് യോഗ്യത, നിയമ ബിരുദം, കമ്പനി സെക്രട്ടറിഷിപ്പ് തുടങ്ങിയവയായിരുന്നു അവരുടെ യോഗ്യതകൾ.

(സി) ഉദ്യോഗക്കയറ്റത്തിലൂടെയും നേരിട്ടുള്ള തിരഞ്ഞെടുപ്പുകളിലൂടെയുമാണ് ഇവരെ നിയമിച്ചത്. സുതാര്യമായ തിരഞ്ഞെടുപ്പു പ്രക്രിയകളിലൂടെയാണ് നേരിട്ടുള്ള നിയമനം നടത്തുന്നത്. ഇതിനായി ആദ്യം പത്രത്തിലൂടേയും സ്ഥാപനത്തിന്റെ വെബ് സൈറ്റിലൂടേയും പരസ്യം നൽകി, അപേക്ഷ സ്വീകരിക്കുകയും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഇന്റർവ്യൂവിന് ക്ഷണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ തിരഞ്ഞെടുപ്പു നടത്തുന്നതിനായി ഒരു തിരഞ്ഞെടുപ്പു കമ്മിറ്റി രൂപീകരിക്കുന്നു. ഈ കമ്മിറ്റിയിൽ സ്ഥാപനത്തിന്റെ പ്രതിനിധികൾക്കുപുറമെ ഒരു സർക്കാർ പ്രതിനിധി, അതാതു മേഖലകളിലെ ഒരു വിദഗ്ധൻ എന്നിവർ അംഗങ്ങളായിരിക്കും. ഇന്റർവ്യൂ നടത്തിയ കമ്മിറ്റി കോർപ്പറേഷന്റെ നിയമാവലിയനുസരിച്ച് യോഗ്യരെന്നു ശുപാർശ ചെയ്യുന്നവരെയാണ് നിയമിക്കുന്നത്.

(ഡി) ആരെയും നിയമിച്ചിട്ടില്ല.

(ഇ) സർക്കാരിന്റെ സംവരണ തത്വമനുസരിച്ച്. ഈ കാര്യം പരിഗണിക്കുന്നതാണ്.

(എഫ്) എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ജി) എൻജിനീയറിംഗിൽ ഒന്നാം ക്ലാസ് ബിരുദവും ബിസിനസ്സ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, അല്ലെങ്കിൽ ചാർട്ടേഡ് അക്കൗണ്ടന്റ് (സി.എ) അഥവാ ഐ.സി. ഡബ്ല്യൂ.എ.ഐ. ബിരുദം ഇവയാണ് ഈ തസ്തികയ്ക്കു നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത. കൂടാതെ വ്യവസായ വികസനവും വ്യവസായ നിക്ഷേപവും പ്രോത്സാഹിപ്പിക്കൽ, പ്രോജക്ട് ഫൈനാൻസിംഗ് സാധ്യമാക്കൽ, വ്യവസായ പാർക്കുകൾ സജ്ജീകരിക്കൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ കുറഞ്ഞത് 15-20 വർഷത്തെ പരിചയവും ഉണ്ടായിരിക്കണം.

(എച്ച് & ഐ) കെ.എസ്.ഐ.ഡി.സി.-യിൽ ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥരിൽനിന്ന് ഈ തസ്തികയിലേക്ക് അപേക്ഷ ലഭിക്കുകയും അവ വിശദമായി പരിശോധിക്കുകയും ചെയ്താലേ മറുപടി നൽകാനാകൂ.

(ജെ & കെ) പ്രവേശന തസ്തികയിൽ നിയമനം നടത്തുമ്പോഴാണ് സംവരണം പാലിക്കുന്നത്. ഈ സ്ഥാപനത്തിലെ മാനേജീരിയൽ കാറ്റഗറിയിലും സ്റ്റാഫ് കാറ്റഗറിയിലും നടത്തിയ നിയമനങ്ങളിൽ ദളിത് വിഭാഗങ്ങൾക്ക് നിയമാനുസൃതമായ സംവരണം നൽകിയിട്ടുണ്ട്.

(എൽ) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly